**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **10-06-2024 - ൽ മറുപടിയ്ക്ക്**

**പോലീസ്-ഗുണ്ട അവിശുദ്ധ ബന്ധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുണ്ടാ നേതാക്കളോടും ക്രിമിനലുകളോടും സൗഹൃദം പുലർത്തുന്ന പോലീസുകാർ സർവ്വീസിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | അത്തരത്തിലുള്ള പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.ജെ. ജോൺസൻ, ശ്രീ. എം. പ്രസാദ്, ശ്രീ. എം.ജി. സാബു എന്നീ ഡി.വൈ.എസ്.പി.മാരെയും, ശ്രീ. അഭിലാഷ് ഡേവിഡ് എന്ന പോലീസ് ഇൻസ്പെക്ടറെയും, ആലപ്പുഴ ജില്ലാ പോലീസിലെ പോലീസ് ഉദ്യോഗസ്ഥരായ സി.പി.ഒ. ദീപക് സി. കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്, ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി.കെ. എന്നിവരെയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (ബി) | സമീപകാലത്ത് ഒരു ഗുണ്ടാ നേതാവിന്റെ വീട്ടിലെ വിരുന്ന് സൽക്കാരത്തിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥനും മറ്റ് പോലീസുകാരും പങ്കെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | Operation AAG-ന്റെ തുടർച്ചയായി അങ്കമാലി പോലീസ് തുടർ പരിശോധനകൾ നടത്തിവരവെ, ക്രിമിനൽ ബന്ധമുള്ള വ്യക്തിയുടെ വീട്ടിൽ ക്രൈംബ്രാഞ്ച് ആലപ്പുഴ ഡി.വൈ.എസ്. പി. ആയിരുന്ന എം.ജി. സാബുവും ആലപ്പുഴ ജില്ലാ പോലീസിലെ പോലീസ് ഉദ്യോഗസ്ഥരായ സി.പി.ഒ. ദീപക് സി.കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി.കെ എന്നിവരെ സൽക്കാരത്തിൽ പങ്കുചേർന്നതായി കാണപ്പെട്ടതിനെ തുടർന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതാണ്. ഡി.വൈ.എസ്.പി. എം.ജി. സാബുവിനെ 27/05/2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1485/2024/ആഭ്യന്തരം പ്രകാരം ടിയാൻ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതായും പോലീസിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന പ്രവർത്തിയിൽ ഏർപ്പെട്ടതായും പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിനെ തുടർന്ന് അച്ചടക്ക നടപടിക്ക് വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട് |
| (സി) | ഗുണ്ടകളും പോലീസുകാരും തമ്മിലുള്ള അവിശുദ്ധ ബന്ധം അവസാനിപ്പിക്കുന്നതിന് | (സി) | പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടകളുമായി ബന്ധം പുലർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം |

| | | | |
|---|---|---|---|
| | സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | നടത്തി, സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് ഉൾപ്പെടെ ശക്തമായ നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ